## 40

*രീതി : വാഴ്ത്തീടുമേ വാഴ്ത്തീ*

സ്തുതിച്ചിടും ഞാൻ സ്തുതിച്ചിടും ഞാൻ
മഹോന്നതനാം മനോഹരനാം മമ പ്രിയനെ

1 പാപം പോക്കിയെൻ ശാപം നീക്കി-വൻ
താപം തീർത്തവനെ എന്നും സ്തുതിക്കും വീണു നമിക്കും
പാടിപ്പുകഴ്ത്തിടും ഞാൻ
സ്നേഹനിധെ കൃപാപതിയെ
കരുണാനദിയെ പരമാനന്ദമായ്-

2 കാണാതകന്നു പാപക്കുഴിയിൽ
വീണുവലഞ്ഞിടവേ തേടിയെന്നെയും
നല്ലിടയൻ പാടു സഹിച്ചധികം
തങ്കനിണം വിലയായ് കൊടുത്തു
എൻ പ്രിയനെന്നെയും വീടെടുത്തു-

3 കണ്ണീർപാതയിൽ നിന്നെൻ കൺകളെ
കാത്തു സൂക്ഷിച്ചവൻ വീഴ്ചയിൽ നിന്നെൻ
കാൽകളെയും വീഴ്ചയെന്നിയേ താൻ
മൃത്യുവിൽനിന്നെൻ പ്രാണനേയും
വിടുതൽ ചെയ്തു എന്നെന്നേക്കുമായ്- **G.P.**